ഹോളിഫാമിലി ഫൊറോനാ ദൈവാലയം, പൊൻകുന്നം

# തിരുക്കുടുംബം

PARISH BULLETIN




മംഗലവാർത്തക്കാലം - 2017

Vol.9 Issue 6



# സ്നേഹ സ്മരണയ്ക്ക്



## അന്നക്കുട്ടി ജോസഫ്

### പൂവത്താനിക്കുന്നേൽ

**ജനനം: 24-12-1932**    **മരണം: 11-09-2017**

ഞാൻ നിങ്ങളിൽനിന്ന് അകന്നുപോകുന്നുവെങ്കിലും
എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.
സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ നിങ്ങൾ
എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ...

## ഉള്ളടക്കം


മുഖമൊഴി – 1
ഇടയമൊഴി – 2
വിളക്ക് – 4
ഇടവക വിശേഷങ്ങളിലൂടെ – 6
നിയമബോധനം – 13


## എഡിറ്റോറിയൽ ബോർഡ്


| | | |
|---|---|---|
| മാനേജിംഗ് എഡിറ്റർ | - ഫാ. ജോസഫ് വെള്ളമറ്റം | 9447867873 |
| ചീഫ് എഡിറ്റർ | - ഫാ. ജോസഫ് അറയ്ക്കപ്പറമ്പിൽ | 9562765688 |
| സബ് എഡിറ്റേഴ്സ് | - റോബിൻ കട്ടിക്കാരൻ | 9446602386 |
| | വർഗീസ് മുതുപ്ലാക്കൽ | 9446201068 |
| കമ്മറ്റി അംഗങ്ങൾ | - സുനിൽ പനയ്ക്കൽ | 9387844654 |
| | സൂസൻ വെട്ടിക്കൊമ്പിൽ | |
| | കിറ്റിൻ ഗോൾഡ്ഹിൽ | |
| | കുസുമം ഗോൾഡ്ഹിൽ | |
| | മരിയ മടുക്കക്കുഴി | |



Published by : The Vicar,
Holy Family Forane Church,
Ponkunnam. Ph: 04828- 221368

Layout & Printing: General Offset Ponkunnam
Ph: 222564, 9495496974

2017 ഡിസംബർ ലക്കം



# WEDDING


Justin & Jismy
Alancheril
18-11-2017

## മുഖമൊഴി

*ഒരുപാട് അസ്വസ്ഥതകളുടെയും പ്രതിസന്ധികളുടെയും ആകുലതക ളുടെയും മദ്ധ്യേ മനസ്സിനെ പ്രശാന്തമാക്കുന്ന, വ്യക്തികളെ പ്രത്യാശാഭരിതരാക്കുന്ന പുൽക്കൂട്ടിലെ ഉണ്ണിയുടെ പിറവി അറിയിച്ചുകൊണ്ട് മംഗളവാർത്തക്കാലം സമാ ഗതമായിരിക്കുന്നു. "ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേ റട്ടെ" എന്ന് ദൈവദൂതന് പ്രത്യുത്തരം നൽകിയതുവഴി പരിശുദ്ധ മറിയം എല്ലാ ക്കാലത്തേയ്ക്കുമായി ദൈവമാതാവായി, ലോകമാതാവായിത്തീർന്നു. ദൈവഹി തത്തിനു വിധേയപ്പെട്ടപ്പോഴുണ്ടായ പരിശുദ്ധാത്മാവിന്റെ നിറവിലൂടെയാണ് ജീവി തത്തിൽ സംഭവിച്ച വിഷമഘട്ടങ്ങളെയെല്ലാം മറിയം തരണം ചെയ്തത്. പരിശുദ്ധ മറിയത്തിന്റെ ജീവിതത്തിലെ ഓരോ സംഭവവും അതിനുള്ള സാക്ഷ്യമാണ്. ഇളയ മ്മയായ ഏലീശ്വായെ സന്ദർശിക്കുവാൻ മലമ്പ്രദേശത്തുള്ള പട്ടണത്തിലേയ്ക്ക് തിടുക്കത്തിൽ പോകുന്ന മറിയം, പൂർണ്ണ ഗർഭിണിയായിരിക്കെ രാജകല്പനയനു സരിച്ച് ബേത്‌ലഹേമിലേയ്ക്ക് പേരെഴുതിക്കാൻ പുറപ്പെടുന്ന മറിയം, ഈജിപ്തി ലേയ്ക്ക് പുത്രന്റെ രക്ഷയ്ക്കായി പലായനം ചെയ്യുന്ന മറിയം, അങ്ങനെ...അങ്ങ നെ....കുരിശിൻ ചുവട്ടിലും അതിനുമപ്പുറവും നീളുന്നു മറിയത്തിന്റെ സഹന ങ്ങൾ. സഹനങ്ങളെ സ്വീകരിച്ച് അവയിലെ ദൈവഹിതം ധ്യാനിക്കാനും അനുഭ വങ്ങളെ ഹൃദയത്തിൽ സംഗ്രഹിക്കാനും തന്റെ അറിവുകളെ തിരിച്ചറിവുകളാക്കി എല്ലാ പ്രതികൂല സാഹചര്യങ്ങളെയും തരണം ചെയ്യുവാനും മറിയത്തിന് സാധി ച്ചെങ്കിൽ അത് ദൈവഹിതത്തിന് തന്നെത്തന്നെ വിട്ടുകൊടുത്തതുകൊണ്ടാണ്. നമ്മുടെ ജീവിതത്തിലും പ്രതികൂല സാഹചര്യങ്ങളുണ്ടാകുമ്പോൾ ദൈവഹിതം തിരിച്ചറിഞ്ഞ് അവയെ അനുകൂലമാക്കി മാറ്റുവാൻ നമുക്ക് സാധിക്കട്ടെ.*

*മണിമാളികയും മരത്തണലും ദൈവതിരുമുമ്പിൽ ഒരുപോലെയാണെന്ന് കാട്ടിത്തരുവാൻ എല്ലാറ്റിന്റെയും അധിപതി എന്ന നിലയിൽനിന്നും ഭൂമിയിലേ യ്ക്കിറങ്ങി വന്ന രാജകുമാരൻ നിസ്വനായി കാലിത്തൊഴുത്ത് സ്വന്തം ജന്മസ്ഥല മായി തിരഞ്ഞെടുത്തു. മഞ്ഞിന്റെ കുളിരും നിലാവിന്റെ വെളിച്ചവുമുള്ള ക്രിസ്തു മസ് രാത്രിയിൽ പരിശുദ്ധമായ പ്രകൃതിയുടെ മടിത്തട്ടിലേയ്ക്ക് പിറന്നുവീണ ദൈവപുത്രൻ ഏതൊരവസ്ഥയിലും പ്രകൃതിയോടിണങ്ങി ജീവിക്കുവാനും പ്രകൃ തിയെ സംരക്ഷിക്കുവാനുമുള്ള വലിയൊരു ഉത്തരവാദിത്വം കൂടി നമുക്കു നൽകു കയാണ്. ദൈവേഷ്ടം തിരിച്ചറിഞ്ഞ് നമ്മിലെ കുറവുകളെ നിറവുകളാക്കി മാറ്റി സഹജീവികളെയും പ്രകൃതിയെയും സ്നേഹിച്ചും പരിപാലിച്ചുംകൊണ്ട് ഉണ്ണീ ശോയുടെ വരവേൽപ്പിനായി നമുക്ക് ഒരുങ്ങാം.*



ഈശോയിൽ പ്രിയ സ്നേഹിതരേ,

മനുഷ്യാവതാര രഹസ്യത്തെ അനുസ്മരിക്കുന്ന മംഗലവാർത്തക്കാലത്തോടെ പുതിയ ആരാധനാവത്സരത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. ഇരുപത്തഞ്ച് നോമ്പാചരിച്ചുകൊണ്ട് പുൽക്കൂട്ടിൽ പിറന്ന ഉണ്ണീശോയെ സ്വീകരിക്കാൻ നമുക്ക് ഒരുങ്ങാം. തിരുപ്പിറവിയുടെ സന്തോഷവും സമാധാനവും നമ്മുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കട്ടെ.

രക്ഷാകര ചരിത്രത്തിൽ ദൈവമാതാവിന്റെയും മാർ യൗസേപ്പിതാവിന്റെയും വലിയ പങ്ക് മംഗലവാർത്തക്കാലത്ത് നാം ചിന്താവിഷയമാക്കുന്നു. പിറവിത്തിരുനാളിനുശേഷം വരുന്ന ആദ്യ ഞായറാഴ്ച തിരുക്കുടുംബത്തിന്റെ തിരുനാളായി സഭയിൽ ആചരിക്കുന്നു. ഈശോയുടെയും മറിയത്തിന്റെയും യൗസേപ്പിന്റെയും കുടുംബത്തിലെ സ്നേഹവും സംതൃപ്തിയും സഹകരണവും നമ്മുടെ തിരുക്കുടുംബ ഇടവകയിലെ ഓരോ ഭവനത്തിലും നിലനില്ക്കുന്നതിന് നാം ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും വേണം.

ഡിസംബർ 27 ന് ഡീക്കൻ മാത്യു (എബിൻ) കുഴിക്കാട്ട് നമ്മുടെ ഇടവകദൈവാലയത്തിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ച് പ്രഥമദിവ്യബലി അർപ്പിക്കുന്നതാണ്. നമ്മിലൊരാൾ ശുശ്രൂഷാ പൗരോഹിത്യത്തിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നുവെന്നതിൽ നമുക്കെല്ലാവർക്കും സന്തോഷവും അഭിമാനവുമുണ്ട്. വൈദികാർത്ഥിക്കുവേണ്ടി ഈ ദിവസങ്ങളിൽ നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

പുത്തൻ പ്രതീക്ഷകളോടെ പുതുവത്സരത്തിലേക്ക് നാം പ്രവേശിക്കുകയാണ്. ജനുവരി മാസത്തിലെ ആദ്യ ഞായറാഴ്ച നാം ആദ്യഫലസമർപ്പണ തിരുനാളായി ആചരിക്കുകയാണ്. പുതുവത്സരത്തിലെ ആദ്യ ഞായറാഴ്ച നമ്മുടെ അദ്ധ്വാനത്തിന്റെ ഓഹരി കർത്തൃസന്നിധിയിൽ സമർപ്പിച്ച് ദൈവപരിപാലനയ്ക്ക് നന്ദിയർപ്പിക്കാം. പിരിഞ്ഞു കിട്ടുന്ന തുക ആശാനിലയം സ്കൂൾഫണ്ടിലേക്ക് ചേർക്കുന്നതാണ്.

ജനുവരി മാസം 14 മുതൽ 18 വരെ തീയതികളിലാണ് നമ്മുടെ വാർഷിക ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. ധ്യാനത്തിൽ ഫലപ്രദമായി പങ്കെടുക്കാൻ നമ്മുക്ക് മുൻകൂട്ടി പ്രാർത്ഥിച്ച് ഒരുങ്ങാം.

ജനുവരി 18 ന് വൈകിട്ട് കൊടിയേറ്റോടെ ഇടവക തിരുനാൾ ആരംഭിക്കും. ഇടവകയിൽ നിന്ന് വിവാഹിതരായി പോയിട്ടുള്ളവരും വിവിധ കാരണങ്ങളാൽ ഇടവകയ്ക്ക് വെളിയിൽ താമസിക്കുന്നവരും തിരുനാളാഘോഷങ്ങളിൽ പങ്കെടുക്കാൻ തക്കവിധം ക്രമീകരണങ്ങൾ നടത്തുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമെന്ന് കരുതട്ടെ.

പിറവിത്തിരുനാളും പുതുവത്സരവും ദൈവാനുഗ്രഹപൂർണ്ണമായിരിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വെള്ളമറ്റം**
(വികാരിയച്ചൻ)




അസോവയുടെ ആഭിമുഖ്യത്തിൽ പ്രമേഹ രോഗത്തെക്കുറിച്ച്
ഡോ. രശ്മി സൂസൻ നയിച്ച ബോധവൽക്കരണ സെമിനാർ
**റവ. ഫാ. ജോസഫ് വെള്ളമറ്റം** ഉദ്ഘാടനം ചെയ്യുന്നു.
പ്രസി. എ.റ്റി. ജോസഫ് അത്തിയാലിൽ, സെക്രട്ടറി. പി.സി. ചാക്കോ പുളിക്കൽ,
ട്രഷറർ തോമസ് ആന്റണി കുഴിക്കാട്ട് എന്നിവർ സമീപത്ത്.

# വിളക്ക്

**ഫാ. ജോസഫ്**
അറയ്ക്കപ്പറമ്പിൽ



ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

നാം മംഗലവാർത്തക്കാലത്തിലേക്ക് പ്രവേശിക്കുകയാണല്ലോ. ഉണ്ണി ഈശോയെ പരിശുദ്ധ അമ്മയെപ്പോലെ ഹൃദയത്തിൽ സ്വീകരിക്കുവാനും മറ്റുള്ളവർക്കു മുൻപിൽ പ്രഘോഷിക്കാനുമുള്ള ഉത്തരവാദിത്വം ക്രിസ്തുവിന്റെ അനുയായികൾ എന്ന നിലയിൽ നമ്മുക്കുണ്ട്.

നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും ക്രിസ്തു ഉണ്ടായിരിക്കണം. ഒരുതരത്തിൽ പറഞ്ഞാൽ ലോകത്തിലെ ഏറ്റവും വലിയ ആഘോഷമാണു ക്രിസ്മസ്. ഇത്ര സാർവ്വത്രികമായ ഒരു ഉത്സവം വേറെയില്ല. വിപുലമായ പ്രോഗ്രാമുകളോടെ ശാഖോപശാഖകളിലായി അതു പരന്നു കിടക്കുന്നു. ക്രിസ്മസ് പപ്പാ, ക്രിസ്മസ് ട്രീ, ക്രിസ്മസ് കരോൾ, കേക്ക്, കാർഡ്, സമ്മാനപ്പൊതികൾ തുടങ്ങി എത്ര പരിപാടികളാണ്.

പക്ഷെ ഈ ആഘോഷങ്ങളിലൊക്കെ ഉണ്ണീശോയെക്കൂടി പങ്കെടുപ്പിക്കാറുണ്ടോ? അധികമാരും ശ്രദ്ധിക്കാറില്ല. ക്ഷണിക്കാറുമില്ല – വരാറുമില്ല. ഇന്നത്തെ പല ബർത്ത് ഡേ പാർട്ടികളും അങ്ങനെയല്ലേ? സൗകര്യാർത്ഥം ശിശുവിനെ മാറ്റി നിർത്താറുണ്ടല്ലോ, 'തീറ്റകുടി' പലതും കൊച്ചിന് പങ്കുചേരാൻ പറ്റാത്ത വിധത്തിലാണ്. അതുപോലെയൊക്കെത്തന്നെയാണ് നമ്മുടെ ക്രിസ്മസ് പരിപാടികളും. അവിടെയെങ്ങും ക്രിസ്തു ഉണ്ടായിരിക്കുകയില്ല.

ഈശോ പിറന്നതു പുൽക്കൂട്ടിലല്ലേ? കാളകളുടെയും കഴുതകളുടെയും മദ്ധ്യേ. അതിനെ അനുസ്മരിച്ചുകൊണ്ട് വിശ്വ കവി കോളറിഡ്ജ് ഇങ്ങനെ പാടി–

"ഞാനൊരു തൊഴുത്തുകണ്ടു – ചെറ്റത്തൊഴുത്ത്
പുൽത്തൊട്ടിയിൽ ഒരു ശിശു
കാളകൾ അവനെ അറിഞ്ഞു – അടുത്തറിഞ്ഞു
മനുഷ്യനോ പക്ഷേ, അവൻ അന്യൻ"

തൊഴുത്തിൽ പിറന്ന ശിശുവിനെ മനസ്സിലാക്കുവാൻ മനുഷ്യനു സാധിച്ചില്ല. കാളകൾക്കും കഴുതകൾക്കും അതു കഴിഞ്ഞു. നമ്മുടെ ആഘോഷങ്ങളിൽ ക്രിസ്തു മറഞ്ഞു പോകാതെ ക്രിസ്തുവിനു ജീവിതത്തിൽ സ്ഥാനം കൊടുക്കുമ്പോഴും അവിടുത്തേയ്ക്ക് ചേരുന്ന പ്രവൃത്തികൾ ചെയ്യുമ്പോഴും നാം യഥാർത്ഥ ക്രിസ്മസ് ആഘോഷിക്കുകയാണ്.

നഷ്ടപ്പെട്ടവരെ കണ്ടെത്തുവാൻ
തകർന്നവരെ സുഖപ്പെടുത്തുവാൻ
വിശക്കുന്നവരെ പോറ്റുവാൻ
ബന്ധിതരെ മോചിപ്പിക്കുവാൻ

നാം ശ്രമിക്കുമ്പോൾ നമ്മുടെ ക്രിസ്മസ് ആഘോഷങ്ങൾ മറ്റുള്ളവർക്ക് ക്രിസ്തുവിനെ അറിയാൻ പ്രചോദനമാകും. അതിനായി നമ്മുക്ക് ഒരുങ്ങാം, പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

## റോഡ് ഉദ്ഘാടനം

നമ്മുടെ ദൈവാലയത്തിന്റെ പടിഞ്ഞാറ് കെ.കെ. റോഡിൽ നിന്നു പള്ളിയിലേക്ക് പുതുതായി നിർമ്മിച്ച റോഡിന്റെ ഉദ്ഘാടനം 9-10-2017 തിങ്കളാഴ്ച 4.45 പി. എം. ന് ബഹുമാനപ്പെട്ട ഫാദർ തോമസ് ഈറ്റോലിൽ നിർവ്വഹിച്ചു. തദവസരത്തിൽ ബഹു. വികാരിയച്ചൻ ജോസഫ് വെള്ളമറ്റം അനുഗ്രഹ പ്രഭാഷണം നടത്തി. റോഡ് നിർമ്മാണ കമ്മിറ്റി കൺവീനർ പി.സി. ചാക്കോ പുളിയ്ക്കൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ സ്വാഗതം ആശംസിച്ചു. എല്ലാ വർഷവും ഒക്ടോബർ മാസത്തിൽ നമ്മുടെ ദൈവാലയത്തിൽ നടത്തി വരുന്ന പത്തു ദിവസത്തെ ജപമാല പ്രാർത്ഥനയുടെ ആദ്യദിന പ്രാർത്ഥന പുതിയ റോഡിന്റെ കവാടത്തിൽ നിന്നു ആരംഭിച്ചു. ബഹു. വൈദിക ശ്രേഷ്ഠരായ ജോസഫ് വെള്ളമറ്റം, തോമസ് ഈറ്റോലിൽ, ജോസഫ് അറയ്ക്കപ്പറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ കൈക്കാരന്മാരും, കൂട്ടായ്മ ലീഡേഴ്സും അനേകം വിശ്വാസികളും ചേർന്ന് പള്ളിയിലേക്കു പ്രാർത്ഥനാ മന്ത്രം ഉരുവിട്ടുകൊണ്ട് നീങ്ങി. ഔസേപ്പച്ചൻ പൂലാനിമറ്റത്തിൽ മാതാവിന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ട് ജപമാല പ്രദക്ഷിണത്തിന്റെ മുൻനിരയിൽ ദൈവാലയത്തെ ലക്ഷ്യമാക്കി നടന്നുനീങ്ങി. വിശ്വാസി സമൂഹം പ്രാർത്ഥനാപൂർവ്വം ദൈവാലയത്തിൽ എത്തിച്ചേർന്ന് ദിവ്യബലിയിൽ പങ്കെടുത്തു. വിശുദ്ധ കുർബാനയ്ക്ക് ശേഷം നേർച്ചപായസ വിതരണവും ഉണ്ടായിരുന്നു.

എന്ന്

റോഡ് നിർമ്മാണ കമ്മിറ്റി കൺവീനർ

പി.സി. ചാക്കോ പുളിക്കൽ

# ഇടവക വിശേഷങ്ങളിലൂടെ



## വിശേഷദിനങ്ങൾ

ഡിസംബർ 8 - **പ.ക. മറിയത്തിന്റെ അമലോത്ഭവ തിരുനാൾ**
ഡിസംബർ 25 - **ക്രിസ്തുമസ്**
ഡിസംബർ 28 - **ശിശുദിനം**

## സൺഡേ സ്കൂൾ

1. **മതാദ്ധ്യാപക ദിനം**
വിശുദ്ധ ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനമായ നവംബർ 5 മതാദ്ധ്യാപകദിനമായി ആചരിച്ചു.
2. **മിഷൻ സന്ദേശ്**
ഈ വർഷത്തെ മിഷൻ സന്ദേശ് നവംബർ 5 ന് നടത്തി. ഇതിൽ സഹകരിച്ച എല്ലാവർക്കും പ്രത്യേകിച്ച്, കുടുംബ കൂട്ടായ്മാ ലീഡർമാർക്ക് ഒരുപാട് നന്ദി.

***റോബിൻ കട്ടിക്കാരൻ*** (ഹെഡ്മാസ്റ്റർ)

## മാതൃവേദി

1. ചികിത്സാ സഹായമായി 2500/- രൂപ നൽകി
2. കുട്ടിക്കാനത്തുവച്ച് നടത്തിയ രൂപതാ മാതൃവേദി കലോത്സവത്തിൽ നമ്മുടെ യൂണിറ്റിൽ നിന്നും സമൂഹഗാനം, പ്രസംഗം (സീനിയർ) എന്നിവയ്ക്ക് രണ്ടാം സ്ഥാനം ലഭിച്ചു.
3. 2018-19 വർഷത്തേയ്ക്കുള്ള മാതൃവേദിയുടെ യൂണിറ്റ്തല തെരഞ്ഞെടുപ്പ് ഒക്ടോബർ 17-ാം തീയതി നടന്നു.
പ്രസിഡന്റ്: ലൂസി തോമസ് മുട്ടത്തുകുന്നേൽ, വൈ. പ്രസിഡന്റ്: ജോയിസ് തോമസ് പുളിയ്ക്കൽ, സെക്രട്ടറി: ബിന്ദു റ്റിജോ തേക്കുംതോട്ടം, ജോ. സെക്രട്ടറി: ലിസി പോൾ പന്തിരുവേലി, ട്രഷറർ: ആനി ജോളി കുളങ്ങര
4. സീറോ മലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയുടെ കൂരിയാ മെത്രാനായി അഭിഷിക്തനായ മാർ. സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലിന്റെ മെത്രാഭിഷേക ചടങ്ങിന് നമ്മുടെ യൂണിറ്റിൽ നിന്ന് 40 അമ്മമാർ വോളണ്ടിയർമാരായി സേവനമനുഷ്ഠിച്ചു.

5. മാതൃവേദി അംഗങ്ങൾ ബഹുമാനപ്പെട്ട ഡയറക്ടർ അച്ചന്റെയും കൊച്ചച്ചന്റെയും ആനിമേറ്റർ സിസ്റ്ററിന്റെയും നേതൃത്വത്തിൽ ഒല്ലൂർ, പുല്ലുവഴി, കൊടുങ്ങല്ലൂർ തുടങ്ങിയ സ്ഥലങ്ങളിൽ തീർത്ഥാടനം നടത്തി. 45 അമ്മമാർ പങ്കെടുത്തു.

6. 2017 വർഷത്തെ മാതൃവേദിയുടെ യൂണിറ്റ്തല വാർഷികവും ഇടവകയിൽ വിവാഹത്തിന്റെ 25 ഉം 50 ഉം വർഷം ജൂബിലി ആഘോഷിക്കുന്നവരെ ആദരിയ്ക്കലും ഡിസംബർ 9-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് അൽഫോൻസാ അജപാലന ഹാളിൽ വെച്ച് നടത്തപ്പെടുന്നതാണ്.

*ബിന്ദു തേക്കുംതോട്ടം (സെക്രട്ടറി)*

## എസ്. എം. വൈ. എം

1. **വിനോദയാത്ര**

യുവദീപ്തിഎക്സിക്യൂട്ടീവ് അംഗങ്ങൾ നവംബർ 11 ന് ബഹു. സിജോ അറയ്ക്കപ്പറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ കാവാലത്തേയ്ക്ക് വിനോദയാത്ര നടത്തി.

2. **തിരഞ്ഞെടുപ്പ്**

യുവദീപ്തിയുടെ 2017-18 വർഷത്തെ പ്രവർത്തന ഭാരവാഹികളെ തിരഞ്ഞെടുത്തു.

| | എ വിഭാഗം | ബി. വിഭാഗം |
|---|---|---|
| (പ്രസിഡന്റ്) | ജിതിൻ കോയിപ്പുറം | അമല കൈമഠം തുരുത്തിയിൽ |
| (ഡെപ്യൂ. പ്രസി) | സോണി കുഴിക്കാട്ട് | ചിപ്പി വട്ടപ്പാറയിൽ |
| (സെക്രട്ടറി) | സച്ചിൻ കുഴിവേലി | ആഗ്നസ് ആനിത്തോട്ടത്തിൽ |
| (ജോ. സെക്രട്ടറി) | അഖിൽ കൊല്ലമല | അഞ്ചു ചെറുകുടൂർ |
| (ട്രഷറർ) | റ്റിജോ പന്ന്യാമാക്കൽ | റിയ പൊടിമറ്റത്തിൽ |
| (കൗൺസിലേഴ്സ്) | സാം വടശ്ശേരിൽ | ജോമോൾ വയലിൽ |
| | ജോർജ്ജ് തേക്കുംതോട്ടം | സിയോണ കുഴിപ്പള്ളിൽ |

3 **ഉത്സവ് 2017**

പൊൻകുന്നം ഫൊറോനതല ഉത്സവ് 2017 - ൽ നമ്മുടെ യൂണിറ്റ് ഓവറോൾ രണ്ടാം സ്ഥാനം കരസ്ഥമാക്കി

4 **വിജയികളായി**

രൂപതാ ഉത്സവ് 2017 ൽ പൊൻകുന്നം യുവദീപ്തിക്ക് സമൂഹ ഗാനത്തിന് രണ്ടാം സ്ഥാനവും എ ഗ്രേഡും യുവദീപ്തി ആന്തത്തിന് മൂന്നാം സ്ഥാനവും എ ഗ്രേഡും നോട്ടീസ് രചനക്ക് ജിൽബി കുഴിക്കാട്ടിന് എ ഗ്രേഡോടുകൂടി ഒന്നാം സ്ഥാനവും ലഭിച്ചു.

(ടീം അംഗങ്ങൾ: അമൽ മുത്തിയപാറ, സെബാൻ പുത്തൻവീട്ടിൽ, ചിപ്പി വട്ടപ്പാറയിൽ, അലീന മുത്തിയപാറ, ഹന്ന തകടിയേൽ, ഡോണ കണ്ടത്തിൽ, സിയോണ കുഴപ്പള്ളിയിൽ

5 **സി.എ.പി. (സൈബർ അവയർനെസ്സ് പ്രോഗ്രാം)**

പൊൻകുന്നം യുവദീപ്തിയുടെ നേതൃത്വത്തിൽ ഒക്ടോബർ 29-ാം തീയതി സൈബർ അവയർനെസ്സ് പ്രോഗാം പാരിഷ് ഹാളിൽ വെച്ച് നടത്തി. ശ്രീ ആന്റോ ആന്റണി എം.പി. ഉദ്ഘാടനം ചെയ്യുകയും ഫാ. ജോസഫ് വെള്ളമറ്റം അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

ക്ലാസ്സുകൾ നയിച്ചവർ: ശ്രീ ഡോ.ജൂബി മാത്യു, ശ്രീ. ജോർജ് കുട്ടി ആഗസ്തി, ശ്രീ. ഷെറി മോളോപ്പറമ്പിൽ

6 **ഷട്ടിൽ ടൂർണമെന്റ്**

എലിക്കുളത്തുവെച്ചു നടത്തിയ രൂപതാ യുവദീപ്തി ഷട്ടിൽ ടൂർണമെന്റിൽ പൊൻകുന്നം ഇടവകയിൽ നിന്നും മൂന്ന് ടീമുകൾ പങ്കെടുത്തു.


*അഖിൽ കൊല്ലമല (സെക്രട്ടറി)*

## സാരഥി

1 ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി 13000 രൂപ നൽകി.

2. സാരഥിയുടെ നേതൃത്വത്തിൽ വേളാങ്കണ്ണി തീർത്ഥാടനം നടത്തി. 115 പേർ പങ്കെടുത്തു.

3. സാരഥി അംഗങ്ങൾ നടത്തിയ കൃഷിയുടെ വിളവെടുപ്പ് നടത്തി.



## സി. വൈ. എം. എ.

1. സി.വൈ.എം.എ യുടെ നേതൃത്വത്തിൽ പണി പൂർത്തിയാക്കിവരുന്ന ശതോത്തര രജതജൂബിലി സ്മാരക മന്ദിരം നേഴ്സറി സ്കൂൾ ഓഫീസ് കെട്ടിടത്തിന്റെ ഉത്ഘാടനം 29-12-2017 വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്ക് നടത്തുവാൻ തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. സംഘടനയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഫണ്ട് ശേഖരണാർത്ഥം തുടങ്ങിയ കൂപ്പണിന്റെ നറുക്കെടുപ്പ് അന്നേ ദിവസം നടത്തുന്നതായിരിക്കും. ഈ ഉദ്യമത്തിൽ ഞങ്ങളെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത എല്ലാവരെയും നന്ദിയോടെ ഓർക്കുകയും ഈ ഉത്ഘാടനന കർമ്മത്തിലേക്ക് ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുകയും ചെയ്യുന്നു.
2. വരും വർഷത്തെ ഓണാഘോഷത്തോടനുബന്ധിച്ച് സംഘടനയുടെ ആഭിമുഖ്യത്തിൽ 200 -ാളം അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഓണക്കിറ്റ് തുടങ്ങി. സഹകരിക്കുന്ന ഏവർക്കും നന്ദി അറിയിക്കുന്നു.
3. സംഘടനയുടെ വരും വർഷങ്ങളിലെ ഫണ്ട് ശേഖരണാർത്ഥം സംഘടനയുടെ ആഭിമുഖ്യത്തിൽ 20 തവണ 5000 രൂപാ വീതം അടച്ചുവരുന്ന ഒരു ലക്ഷം രൂപയുടെ മാസ ചിട്ടി നവംബർ മാസം 1-ാം തീയതി ആരംഭിച്ചു.

*സെക്രട്ടറി, റ്റിജോ തേക്കുംതോട്ടം*

## വിൻസെൻഷ്യൻ വേദി

ദത്ത് കുടുംബങ്ങൾക്ക് നൽകുന്ന സ്ഥിരം ഭക്ഷ്യ സഹായത്തിനും, ചികിത്സാ സഹായത്തിനും പുറമേ ഭവനം പണിയുവാൻ സ്ഥലം വാങ്ങുന്നതിനായി ഒരു ലക്ഷം രൂപയും, ശുചിമുറി, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി 9000/- രൂപയും 6 പേർക്ക് ചികിത്സാസഹായമായി 3000/- രൂപയും വിദ്യാഭ്യാസ സഹായമായി 2 കുട്ടികൾക്കായി 3000/- രൂപയും നൽകി.

സൊസൈറ്റിയുടെ ഇളംങ്ങുളം ഏരിയാ കൗൺസിലിന്റെ പുതിയ പ്രസിഡന്റായി, നമ്മുടെ കോൺഫ്രൻസ്അംഗം ബ്രദർ.ജോൺ മാത്യു തൊമ്മിത്താഴെ തിരഞ്ഞെടുക്കപ്പെട്ടു.

***തോമസ് നരിതൂക്കിൽ (സെക്രട്ടറി)***

## പിതൃവേദി

ഇടവകയിലെ പിതൃവേദി യൂണിറ്റിന്റെ പ്രഥമ പൊതുയോഗം 29-10-17 ഞായറാഴ്ച 5.15 പി.എം ന് ഡയറക്ടർ ബഹു. ജോസഫ് വെള്ളമറ്റത്തിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ അൽഫോൻസാ ഹാളിൽ കൂടുകയുണ്ടായി. പിതൃവേദി യൂണിറ്റ് ഇടവകയിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച വിവരം ഡയറക്ടർ യോഗത്തിൽ വിശദീകരിച്ചു. കാഞ്ഞിരപ്പള്ളി രൂപതയുടെ ഫാമിലി അപ്പോസ്റ്റലേറ്റ് തയ്യാറാക്കിയ നിയമാവലി അനുസരിച്ചായിരിക്കും പിതൃവേദി പ്രവർത്തിക്കേണ്ടത് എന്നും തിരുക്കുടുംബത്തിന്റെ തലവനായ വി. യൗസേപ്പ് പിതാവ് ആയിരിക്കും സംഘടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ എന്നും അദ്ദേഹം അംഗങ്ങളെ ഉദ്ബോധിപ്പിച്ചു.

തുടർന്ന് നടന്ന ഭാരവാഹി തിരഞ്ഞെടുപ്പിൽ ശ്രീ. ഔസേപ്പച്ചൻ പൂലാനിമറ്റത്തിനെ പ്രസിഡന്റായും ശ്രീ. റ്റി.എം. മാത്തുക്കുട്ടി തൊമ്മിത്താഴയെ സെക്രട്ടറിയായും, ശ്രീ. ജസ്റ്റിൻ കുമ്പുക്കലിനെ വൈസ് പ്രസിഡന്റായും, ശ്രീ. സുനിൽ വടക്കേലിനെ ട്രഷറർ ആയും, ശ്രീ. റോയി പേരേപ്പറമ്പലിനെ ജോ. സെക്രട്ടറിയായും ഐക്യകണ്ഠേന തിരഞ്ഞെടുത്തു. ശ്രീ മാത്യു ഡോമിനിക് കിളിരൂപ്പറമ്പിൽ, എം.റ്റി ജോൺ പൂലാനിമറ്റം, മോൻസ് മാനുവൽ വട്ടയ്ക്കാട്ട്, അഡ്വ. വിൻസന്റ് ആന്റണി

കുഴിക്കാട്ട് എന്നിവരേ കമ്മറ്റി അംഗങ്ങളായും തിരഞ്ഞെടുത്തു. യോഗത്തിൽ അസി. വികാരി ഫാ. ജോസഫ് അറയ്ക്കപ്പറമ്പിൽ, ആരാധനാമഠം ചാപ്ലിൻ ഫാ. തോമസ് ഈറ്റോലിൽ എന്നിവരും സന്നിഹിതരായിരുന്നു.

നവംബർ 6-ാം തീയതി കൂടിയ കമ്മറ്റി തീരുമാനപ്രകാരം അംഗങ്ങൾ എല്ലാവരും കൂടി നവംബർ 14-ാം തീയതി സെമിത്തേരി വൃത്തിയാക്കലും ഭംഗിയാക്കലും നടത്തി. കൂടാതെ ഡിസംബർ മാസം 24-ാം തീയതി കൂട്ടായ്മാ അടിസ്ഥാനത്തിൽ അതാത് കൂട്ടായ്മയിൽ പുൽക്കൂട് മത്സരം നടത്തുവാനും തീരുമാനിച്ചു.

**റ്റി.എം. മാത്തുക്കുട്ടി (സെക്രട്ടറി)**

## ഇന്നത്തെ സുവിശേഷം

| | |
|---|---|
| ഡിസം. 1 - ലൂക്കാ | 19:45-48 |
| ഡിസം. 2 - മർക്കോ | 6:7-13 |
| ഡിസം. 3 - ലൂക്കാ | 1:5-25 |
| ഡിസം. 4 - ലൂക്കാ | 9:37-43 |
| ഡിസം. 5 - ലൂക്കാ | 1:18-20 |
| ഡിസം. 6 - യോഹ | 8:26-30 |
| ഡിസം.7 - മത്താ | 24:45-51 |
| ഡിസം. 8 - ലൂക്കാ | 1:46-55 |
| ഡിസം. 9 - ലൂക്കാ | 9:57-62 |
| ഡിസം. 10 - ലൂക്കാ | 1:26-38 |
| ഡിസം. 11 - യോഹ | 14:11-14 |
| ഡിസം. 12 - ലൂക്കാ | 10:21-24 |
| ഡിസം. 13 - ലൂക്കാ | 1:34-38 |
| ഡിസം. 14 - ലൂക്ക | 14:25-33 |
| ഡിസം. 15 - ലൂക്കാ | 1:46-56 |
| ഡിസം. 16 - ലൂക്ക | 11:33-36 |
| ഡിസം. 17 - ലൂക്ക | 1:57-66 |
| ഡിസം. 18 - യോഹ | 14:1-6 |
| ഡിസം. 19 - മത്താ | 3:1-6 |
| ഡിസം. 20 - ലൂക്കാ | 16:10-13 |
| ഡിസം. 21 - ലൂക്കാ | 1:67-79 |
| ഡിസം. 22 - മർക്കോ | 1:1-8 |
| ഡിസം. 23 - യോഹ | 3:31-36 |
| ഡിസം. 24 - മത്താ | 1:18-24 |
| ഡിസം. 25 - ലൂക്ക | 2:1-20 |
| ഡിസം. 26 - മത്താ | 10:16-22 |
| ഡിസം. 27 - യോഹ | 21:20-24 |
| ഡിസം. 28 - മത്താ | 2:13-18 |
| ഡിസം. 29 - മത്താ | 9:27-31 |
| ഡിസം. 30 - യോഹ | 1:19-29 |
| ഡിസം. 31 - ലൂക്കാ | 13:6-9 |

# അസോവ

നമ്മുടെ സംഘടനയുടെ ഏഴാമത്തേയും എട്ടാമത്തേയും ഡയറക്ടർ ബോർഡ് യോഗങ്ങൾ 14-9-2017 നും 16-10-2017 നും ഇടവക വൈദിക മന്ദിരത്തിൽ ബഹു. ഡയറക്ടർ ഫാ. ജോസഫ് വെള്ളമറ്റത്തിന്റെ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു. പ്രസിഡന്റ് എ.റ്റി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു. അനന്തരം നടന്ന ചർച്ചകളിലെ തീരുമാനങ്ങളാണ് താഴെപ്പറയുന്നവ

1) സംഘടനയുടെ മുൻ തീരുമാനപ്രകാരമുള്ള 'വിനോദയാത്ര' ഒക്ടോബർ അവസാന ആഴ്ചയിൽ നടത്തുക. 2) പ്രമേഹരോഗത്തെക്കുറിച്ച് ഡോക്ടർ രശ്മി സൂസൻ ബാബു എം.ഡി നയിക്കുന്ന ബോധവൽക്കരണ സെമിനാർ 29-10-17 ഞായറാഴ്ച നടത്തുക.

എം.ബി.എഫ് ന്റെ രണ്ടും മൂന്നും തവണ നറുക്കെടുപ്പിൽ വിജയികളായവരാണ് യഥാക്രമം സ്കീമിലെ 24-ാം മെംബർ ആയല്ലൂർ എത്സമ്മ ടോമും, 9-ാം മെംബറായ മാത്തുക്കുട്ടി തൊമ്മിത്താഴയും.

കമ്മിറ്റിയംഗമായ ജോസ് തോട്ടത്തിലിന്റെ ജന്മദിനവാർഷികം അദ്ദേഹത്തിന്റെ ഭവനത്തിൽ സമുചിതമായി ആഘോഷിച്ചു.

ഡയബിറ്റീസ് രോഗത്തെ സംബന്ധിച്ച ബോധവൽക്കരണ ക്ലാസ് 29-10-17 ഞായറാഴ്ച 11.15 ന് ഇടവക അൽഫോൻസാ ഹാളിൽ നടത്തപ്പെട്ടു. സെമിനാർ ബഹു. ഡയറക്ടർ ഫാദർ ജോസഫ് വെള്ളമറ്റം ഉദ്ഘാടനം ചെയ്തു. തുടർന്ന് ഡോ. രശ്മി സൂസൻ ബാബു എം.ഡി നയിച്ച സെമിനാറിൽ ഇടവക സമൂഹത്തിന്റെ അത്ഭുതപൂർവ്വമായ പങ്കാളിത്തം ഉണ്ടായിരുന്നു. സെമിനാർ ഏവർക്കും പ്രമേഹരോഗത്തെക്കുറിച്ചു പുത്തൻ അറിവുകൾ പ്രദാനം ചെയ്തു. പ്രസിഡന്റ് എ.റ്റി ജോസഫ് അത്തിയാലിൽ ന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച സെമിനാറിൽ സെക്രട്ടറി പി.സി ചാക്കോ സ്വാഗതവും, ബോർഡ് മെമ്പർ റീത്താമ്മ ജോർജ് തോട്ടത്തിൽ നന്ദിയും പ്രകാശിപ്പിച്ചു. ഡോ. രശ്മി സൂസൻ ബാബുവിനു നന്ദി സൂചകമായി സംഘടനയുടെ പേരിൽ ഒരു മെമന്റോ, ട്രഷറർ തോമസ് ആന്റണി കുഴിക്കാട്ട് സമ്മാനിച്ചു.

അനന്തരം നടന്ന ജനറൽ ബോഡി യോഗത്തിൽ സംഘടനയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ചും, ഭാവി പ്രവർത്തനങ്ങളെക്കുറിച്ചും വിശദമായി ചർച്ച ചെയ്തു. നമ്മുടെ സെമിനാർ ഏറ്റവും വിജയകരമായിത്തീർക്കുവാൻ സഹായിച്ചത് ബഹു. അസി. വികാരിയച്ചൻ ജോസഫ് അറയ്ക്കപ്പറമ്പിലും, യുവദീപ്തി അംഗങ്ങളുമാണ്. അവരുടെ നിർലോഭമായ സേവനങ്ങളെ നന്ദിപൂർവ്വം അനുസ്മരിക്കുന്നു. വൈസ് പ്രസിഡന്റ് വി.റ്റി ജേക്കബ് വാലുമ്മേൽ നന്ദി പ്രകാശിപ്പിച്ചു. യോഗം 2 മണിയോടെ സമാപിച്ചു.

**പി.സി. ചാക്കോ, പുളിക്കൽ (സെക്രട്ടറി)**

## ചെറുപുഷ്പ മിഷൻലീഗ്

1. ശാഖാ സമ്മേളനം നടത്തി.
2. പത്രക്കളക്ഷൻ നടത്തി.
3. 10 പലചരക്ക്, പച്ചക്കറി കിറ്റുകൾ വിതരണം ചെയ്തു.
4. 25 വാഴവിത്തുകൾ പള്ളിപ്പരിസരത്ത് കൃഷി ചെയ്തു.

**ഷെറി മോളോപ്പറമ്പിൽ (ഓർഗനൈസർ)**



## തിരുസ്സഭയിലെ നവസൂനങ്ങൾ

1. കാതറിൻ - മുട്ടത്തുകുന്നേൽ
2. തോമസ് - തോട്ടുങ്കൽ
3. ജോസഫ് - അറയ്ക്കത്താഴത്ത്
4. ജോസഫ് - മൊളോപറമ്പിൽ
5. സെബാസ്റ്റ്യൻ - തെക്കുംകൂട്ടത്തിൽ
6. വർക്കി - പനംതോട്ടത്തിൽ
7 മരിയ - പുളിക്കൽ
8. റോസ് മരിയ - ഏണേക്കാട്ട്
9. സിസിലിയ - പുളിയ്ക്കൽ
10. മരിയ - കാലായിൽ
11. ലൂക്കോസ് - കുമ്പുക്കൽ
12. ഏലിക്കുട്ടി - പാറയ്ക്കൽ
13. അന്ന - തേക്കുംതോട്ടം
14. ജോർജ് - നളത്തിൽ
15. ചെറിയാൻ - പന്തിരുവേലിൽ
16. ജോസഫ് - മുള്ളോങ്കൽ



## നമ്മൾ ഒന്നായി

1. ടോംസ് തോമസ് - മെറിൻ കുരീക്കാട്ട്
2. നിതിൻ - ദിവ്യാ പന്നിക്കുഴിയ്ക്കൽ
3. കുര്യൻ - സ്റ്റെഫി പൂലാനിമറ്റത്തിൽ
4. ബിനു - റിൻസി പുളിമൂട്ടിൽ
5. ബോബി - റോസി മൈലാടിയിൽ
6. തോമസുകുട്ടി- ചിഞ്ചു പുത്തൻപുരയ്ക്കൽ
7. ജെഫി രാജ് - ജിസ് വലിയപാഴൂർ
8. ജെസ്റ്റിൻ - ജിസ്മി ആലഞ്ചേരിൽ
9. റ്റോണി - ബിജിത പിറ്റത്താങ്കൽ

## ഓർമ്മകളിലേയ്ക്ക്

1. അന്നക്കുട്ടി - പൂവത്താനികുന്നേൽ
2. ജോസ് - വയലിൽ
3. കുട്ടിയച്ചൻ - കൊച്ചുപറമ്പിൽ
4. തങ്കച്ചൻ - പ്ലാക്കൽ
5. മറിയം - പുന്നത്താനം
6. കുട്ടിയച്ചൻ - കോയിപ്പുറത്ത്
7. റോസമ്മ - വരകിൽ

**ബോബൻ മണ്ണാറാത്ത്**
അഡ്വക്കേറ്റ് & നോട്ടറി പബ്ലിക്ക്, പൊൻകുന്നം. 9447 525 615

## *കുറ്റകൃത്യങ്ങളും സ്വകാര്യ രക്ഷയും*

നീതിയും നിയമവും കോടതികളും ആധുനികസമൂഹത്തിന്റെ സമാധാന പൂർണ്ണമായ നിലനിൽപ്പിന് അനിവാര്യമായ ഘടകങ്ങളാണ്. ജീവിതത്തിന്റെ സമസ്ത മേഖലയേയും നിയന്ത്രിക്കുന്ന നിയമ വിജ്ഞാന ശാഖയുടെ ആഴവും പരപ്പും അമ്പരപ്പുളവാക്കുന്നതാണ്. സാമൂഹ്യ ജീവിതവുമായി അടുത്ത ബന്ധമുള്ള ചില നിയമങ്ങളെകുറിച്ചും കോടതികളെ കുറിച്ചും നീതിനിർവ്വണ സമ്പ്രദായത്തെകുറിച്ചും അറിഞ്ഞിരിക്കേണ്ട ചില പ്രധാന വിഷയങ്ങൾ സാധാരണക്കാർക്കു മനസിലാക്കാവുന്ന വിധം ലളിതമായ ഭാഷയിൽ പല ലക്കങ്ങളായി ഇതിനോടകം പ്രതിപാദിച്ചിട്ടുണ്ട്. അതിബൃഹത്തായ ഒരു ശാസ്ത്രശാഖയാണ് നിയമശാസ്ത്രം അതിന്റെ മുൻപിൽ അഞ്ജലീബദ്ധനായി നിന്നുകൊണ്ട് ഒരു കൊച്ചു കൈത്തിരി കത്തിച്ചു വയ്ക്കുവാനാണ് ഞാൻ വിനീതമായി ശ്രമിക്കുന്നത്.

ഭവനിർമ്മാണം, മലിനീകരണനിർമ്മാജനം കുടിവെള്ളത്തിന്റെ ഉപയോഗം, നടപ്പുവഴികളും പൊതുവഴികളും, വഴി വിളക്കുകൾ, ആവശ്യസാധനം മുതൽ ആഡംബര വസ്തുക്കൾവരെയുള്ള എല്ലാ സാധനങ്ങളുടെയും വിപണനം, ശവസംസ്കാരത്തിനുപയോഗിക്കുന്ന സ്ഥലം എന്നുവേണ്ട നിങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട നൂറുനൂറു കാര്യങ്ങൾ നിയമത്തിനും ചട്ടത്തിനും വിധേയമാണ്. ഭരണഘടനയുടെ 141-ാം അനുച്ഛേദം അനുസരിച്ച് സുപ്രീം കോടതി പ്രഖ്യാപിക്കുന്ന നിയമം ഇന്ത്യയിലുള്ള എല്ലാ കോടതികൾക്കും ബാധകമാണ് എന്നാൽ ആ വിധികളെല്ലാം ഇംഗ്ലീഷ് ഭാഷയിലാണ്. ഭാഷാന്തരീകരണത്തിന് അതിന്റേതായ എല്ലാ പരിമിതികളുമുണ്ട്.

ആർക്കും തന്നെ കണ്ടില്ലെന്നു നടിക്കാവുന്ന ഒന്നല്ല ഇന്ത്യൻ ശിക്ഷാ നിയമസംഹിത. നിങ്ങൾ സംസാരിക്കുമ്പോഴും നടക്കുമ്പോഴും ഈ നിയമം നിങ്ങളെ അനുധാവനം ചെയ്യുന്നുണ്ടെന്ന് ഓർമ്മിക്കുക.

ഒരാളുടെ സൽപ്പേരിന് ഹാനിവരുത്തണമെന്നുദ്ദേശിച്ചോ, ഹാനികരണ മാണെന്നറിഞ്ഞുകൊണ്ടോ, അപ്രകാരം സംഭവിച്ചേക്കുമെന്ന് വിശ്വസിക്കുവാൻ കാരണം ഉള്ളപ്പോഴോ വാക്കുകൾ കൊണ്ടോ ആംഗ്യം കൊണ്ടോ, മറ്റു പ്രകടസമ്പ്രദായങ്ങൾ മൂലമോ അയാളെപ്പറ്റി ആരോപണം ഉന്നയിക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്യുന്നത് ഇന്ത്യൻ ശിക്ഷാനിയമം 500-ാം വകുപ്പനുസരിച്ച് പിഴയോടുകൂടിയോ അല്ലാതെയോ 2 വർഷം വരെ ശിക്ഷിക്കപ്പെടാവുന്ന കുറ്റമാണ്.

മരിച്ച ഒരാളെപ്പറ്റി ആരോപണം ഉന്നയിക്കുന്നത് ആയാളുടെ കുടുംബാംഗങ്ങൾക്കോ ബന്ധുക്കൾക്കോ അപകീർത്തികരമാവാം ഒരു വിഭാഗം ആളുകളുടെ സംഘത്തെപ്പറ്റിയോ സംഘടനയെകുറിച്ചോ എന്തെങ്കിലും ആരോപണം പറയുന്നതും അപകീർത്തികരമാകുന്ന സന്ദർഭങ്ങളുണ്ട്. ഒരാളുടെ സൻമാർഗ്ഗപരവും, ബുദ്ധിപരവുമായ സ്വഭാവം, തൊഴിലിനോട് ബന്ധപ്പെട്ട് സവിശേഷതകൾ അയാളുടെ വിശ്വാസ്യത എന്നിവയെകുറിച്ച് മറ്റുള്ളവരുടെ ഇടയിലുള്ള മതിപ്പുകുറയ്ക്കുന്ന ആരോപണങ്ങൾ അയാളുടെ യശ്ശസിന് ഹാനികരമാണ്. അപ്രകാരം എന്തെങ്കിലും സംഭവിച്ച് കഴിഞ്ഞാൽ ആർജവം നഷ്ടപ്പെട്ട് തന്നിലേയ്ക്ക് ഒതുങ്ങുന്ന സാഹചര്യം ഉണ്ടാകുമ്പോൾ ദുഷ്പ്രചരണങ്ങൾ നടത്തിയവരുടെ ലക്ഷ്യം നിറവേറ്റപ്പെടുന്നു.

ഏഴുവയസ്സിനു താഴെയുള്ള കുട്ടികൾ ചെയ്യുന്ന യാതൊരു പ്രവൃത്തികളും കുറ്റകരമല്ല. എന്നാൽ 8 വയസ്സിനും 12 വയസ്സിനും ഇടയ്ക്കുള്ള പ്രായമുള്ള കുട്ടികളെ സംബന്ധിച്ച് മാറ്റമുണ്ട്. തങ്ങളുടെ പ്രവൃത്തിയുടെ സ്വഭാവവും ഭവിഷ്യത്തും മനസിലാക്കാനുള്ള ബുദ്ധിപരമായ വികാസം ഉണ്ടായിട്ടില്ലെന്നു തെളിയിച്ചാൽ മാത്രമേ അവർ കുറ്റക്കാര് അല്ലാതാവുകയുള്ളൂ. തന്റെ അറിവു കൂടാതെയോ, ഇഷ്ടത്തിനു വിവരീതമായോ ലഹരിസാധനം കഴിച്ച് ഉൻമത്തനായ (Intoxicated) ഒരാൾക്ക് തന്റെ പ്രവൃത്തി നിയമരഹിതമോ, തെറ്റോ ആണോയെന്ന് അറിയുവാൻ കഴിയാതെ വന്നാലും ബുദ്ധിഭ്രമം (Unsound mind) പിടിപെട്ടവരെപ്പോലെ പരിഗണിക്കപ്പെടുന്നു.

ഓരോ കുറ്റകൃത്യത്തിന്റെയും സ്വഭാവമനുസരിച്ച് പ്രേരണകുറ്റത്തിനുള്ള ശിക്ഷയെക്കുറിച്ച് നിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കുറ്റകൃത്യങ്ങൾ നടത്തുന്നതിന് ഒരാളെ പ്രേരിപ്പിക്കുന്നതും അതിനാവശ്യമായ ഒത്താശകൾ ചെയ്തു കൊടുക്കുന്നതും കുറ്റകരമാണ്. പ്രത്യക്ഷമായോ, പരോക്ഷമായോ, കുറ്റകൃത്യം നടത്തുന്നതിനാവശ്യമായ സഹായസഹകരണങ്ങൾ ചെയ്തു കൊടുക്കുന്നവരെയും പ്രേരണക്കുറ്റം ചുമത്തി വിചാരണ ചെയ്യാവുന്നതാണ്. കുറ്റകൃത്യം നടത്തിയ ആളെ വെറുതെ വിട്ടാലും പ്രേരണ നടത്തിയ ആളെ ശിക്ഷിക്കാവുന്നതാണ്. കൈക്കൂലി വാങ്ങുന്നതിന് വിസമ്മതിക്കുന്ന പരിതഃസ്ഥിതിയിൽ കൈക്കൂലി കൊടുക്കുന്നതിനു തയ്യാറാകുന്ന ആളും തടവു ശിക്ഷാർഹനാണ്.

മതം, വർഗ്ഗം, ജന്മദേശം, വാസസ്ഥലം, ഭാഷ, ജാതി സമുദായം മുതലായവുടെ അടിസ്ഥാനത്തിൽ വിഭിന്ന ഗ്രൂപ്പുകൾ തമ്മിൽ ശത്രുത വളർത്തുന്നതിന് ഉതകുന്ന എല്ലാ പ്രവർത്തനങ്ങളും കുറ്റകരമാണ് ഇവ ഒരു ആരാധനാലയത്തിൽ വച്ചോ ,ആളുകൾ കൂട്ടായി ആരാധന നടത്തുന്ന മറ്റിടങ്ങളിൽ വച്ചോ ചെയ്യുന്നത് കൂടുതൽ ഗുരുതരമായ ശിക്ഷയാണ് ക്ഷണിച്ചു വരുത്തുന്നത്.

സത്യവാങ്മൂലം/ സത്യപ്രസ്ഥാവന എന്നിവയൊക്കെ കളവായി എഴുതി ഒപ്പിട്ടുകൊടുക്കുന്നത് കുറ്റകരമാണ്. മറ്റുള്ളവരെ ഉപദ്രവിക്കുന്നതിനുവേണ്ടി കളവായ ആരോപണങ്ങൾ  ഉന്നയിച്ച് അവർക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നത് ഇന്ത്യൻ ശിക്ഷാനിയമം 211-ാം വകുപ്പനുസരിച്ച് കുറ്റകരമാണ്. കുറ്റവാളി യാണെന്നറിഞ്ഞുകൊണ്ട്, ശിക്ഷയിൽ നിന്നും മറ്റുനടപടികളിൽ നിന്നും രക്ഷപെടുത്തുന്നതിനുവേണ്ടി അഭയം നൽകുന്നതും, ഒളിപ്പിക്കുന്നതും ശിക്ഷാർഹമാണ്. എന്നാൽ ഭർത്താവോ, ഭാര്യയോ ഈ സംഗതിയിൽ ശിക്ഷാർഹരാകുന്നില്ല.

കുറ്റക്കാരെ, ശിക്ഷയിൽ നിന്നും ഒഴിവാക്കുന്നതിനുവേണ്ടി കുറ്റകൃത്യം ഒളിച്ചു വയ്ക്കുകയോ, കുറ്റക്കാരനെ മറയ്ക്കുകയോ, കുറ്റവാളിക്കെതിരായി നിയമനടപടികൾ സ്വീകരിക്കാതിരിക്കുന്നതിന് പ്രതിഫലം വാങ്ങുന്നതും ,കൊടുക്കുന്നതും കുറ്റകരമാണ്. ജീവാപായം ഉണ്ടാകാത്തക്കവിധത്തിലോ മറ്റുള്ളവർക്ക് ഉപദ്രവം ഉണ്ടാക്കത്തവണ്ണമോ വിഷം, തീ, മറ്റു ജ്വലന വസ്തുക്കൾ, സ്ഫോടക സാധനങ്ങൾ എന്നിവ അശ്രദ്ധമായോ അപകടകരമായ വിധത്തിലോ കൈകാര്യം ചെയ്യുന്നതും ശിക്ഷാർഹമാണ്. കെട്ടിടങ്ങൾ പൊളിക്കുമ്പോഴും നന്നാക്കുമ്പോഴും, മനുഷ്യജീവന് അപകടം സംഭവിക്കാനുള്ള സാദ്ധ്യത മുന്നിൽകണ്ട് ആവശ്യമായ മുൻകരുതലുകൾ എടുത്തിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആറുമാസം തടവും പിഴയും ശിക്ഷിക്കാവുന്നതാണ്. നമ്മുടെ കൈവശമുള്ള മൃഗങ്ങളെയും സൂക്ഷിക്കേണ്ടതുണ്ട്. അന്യർക്ക് ജീവാപായം വരുത്തുവാനോ കഠിനദേഹോപദ്രവം ഉണ്ടാകുവാനോ സാധ്യത ഉണ്ടെന്നറിഞ്ഞുകൊണ്ട് അവ ഉണ്ടാകാതിരിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യാതിരിക്കുന്നത് കുറ്റകരമാണ്.

മനുഷ്യന്റെ ജീവൻ വളരെ വിലപ്പെട്ടതാണ്. സ്വന്തജീവൻ രക്ഷിക്കുന്നതിനു ചെയ്യുന്ന പ്രവൃത്തികൾ മാത്രമല്ല അന്യന്റെ ജീവൻ രക്ഷിക്കുന്നിനുവേണ്ടി ചെയ്യുന്ന പ്രവർത്തികളും കുറ്റകരമല്ല. പ്രാണഭീതി നേരിടുന്ന ഒരുവന് മറ്റ്  പരിഹാരമാർഗ്ഗങ്ങൾ തേടുന്നതിന് അവസരം ലഭിക്കുന്നില്ല. ഒരാളുടെ ശരീരത്തിൽ ഉപദ്രവമേക്കുമെന്ന് ബോദ്ധ്യമായാൽ ആയതു തടയുന്നതിനാവശ്യമായ ഫലപ്രദമായ പ്രതിരോധന നടപടികൾ സ്വീകരിക്കുന്നതിനുള്ള അവകാശം എല്ലാവർക്കും ഉണ്ട്. അതുപോലെ തന്നെ തന്റെയോ അന്യരുടെയോ വസ്തുക്കൾ മോഷ്ടിക്കുകയോ കവർച്ച ചെയ്യുകയോ വസ്തുവിൽ നാശകൃത്യങ്ങൾ ചെയ്യുകയോ ബലമായി കൈയ്യേറുകയോ അപ്രകാരമുള്ള കുറ്റകരമായ പ്രവർത്തികൾക്ക് ശ്രമിക്കുകയോ ചെയ്താൽ അവയെ തടയുന്നതിന് ആർക്കും അവകാശമുണ്ട്. കയറാൻ അവകാശമുള്ള ഒരു വീട്ടിൽ ഒരാൾ രാത്രിയിൽ കയറി ചെല്ലുന്നു എന്നു സങ്കൽപിക്കുക. അയാൾ ഭവനഭേദനക്കാരനാണെന്ന് വീട്ടുടമ ന്യായമായും  വിശ്വസിച്ച് അയാളെ ആക്രമിക്കുന്നു.

തെറ്റിദ്ധാരണയുടെ ഫലമായിട്ടാണെങ്കിലും വീട്ടുടമസ്ഥൻ സ്വയംരക്ഷാവകാശം വിനിയോഗിക്കുന്നതിനെ നിയമം സാധൂകരിക്കുന്നു.

സ്വയരക്ഷ, സ്വയരക്ഷാവകാശം എന്നത് സ്വകാര്യരക്ഷ എന്നാണ് നിയമ പരമായി പ്രതിപാദിക്കുന്നത്. സ്വയരക്ഷാവകാശം വിനോയിഗിച്ചില്ലെങ്കിൽ മരണം സംഭവിക്കുമെന്നു ഭയമുണ്ടാകത്തക്കവണ്ണമുള്ള കൈയ്യേറ്റം, വളരെ ഗുരതരമായി ദേഹോപദ്രവം ഏൽപിച്ചേക്കുമെന്നുള്ള ന്യായമായി ഭയപ്പെടുന്ന സന്ദർഭങ്ങൾ, ബലാത്സംഗം, പ്രകൃതിവിരുദ്ധ സംഗതികൾ ചെയ്യണമെന്നുള്ള ഉദ്ദേശത്തോടു കൂടിയുള്ള കൈയ്യേറ്റം, കുഞ്ഞുങ്ങളെയോ മറ്റാളുകളെയോ തട്ടികൊണ്ടു പോകുന്നതിനുവേണ്ടിയുള്ള കൈയ്യേറ്റം, അധികാരികളെ സമീപിക്കുവാൻ സാദ്ധ്യമാകുകയില്ല എന്ന ന്യായമായ ഭയം ജനിപ്പിക്കത്ത ക്കവിധത്തിൽ ഒരാളെ നിയമവിരുദ്ധമായി തടവിൽ വയ്ക്കണമെന്ന ഉദ്ദേശത്തോടുകൂടി കൈയ്യേറ്റം എന്നീ സംഗതികളിൽ, ശാരീരിക രക്ഷതേടുന്നതിന് മരണമോ മറ്റുദേഹോപദ്രവങ്ങളോ ഏൽപിക്കുന്നതിനെ നിയമം നീതികരിക്കുന്നു.

ഇതിൽ ന്യായമായി ഭയം ജനിപ്പിക്കുന്നത്തക്ക സാഹര്യങ്ങൾ ഉണ്ടായിരുന്നു എന്ന് പ്രതി തെളിയിക്കേണ്ടതുണ്ട്. മറ്റു സന്ദർഭങ്ങളിൽ കൊലപാതകം ഒഴിച്ചുള്ള മറ്റു പ്രതിരോധ നടപടികൾ ആർക്കും സ്വീകരിക്കാവുന്നതാണ്. ആക്രമണകാരിക്കുണ്ടാകുന്ന ദേഹോപദ്രങ്ങൾക്ക് ആരും ഉത്തരവാദികാവുകയില്ല. ഇതിൽ ന്യായമായി ഭയം ജനിപ്പിക്കത്തക്ക സാഹചര്യങ്ങൾ ഉണ്ടായിരുന്നുയെന്ന് പ്രതി കോടതിയിൽ തെളിയിക്കേണ്ടതുണ്ട്. മറ്റ് സന്ദർഭങ്ങളിൽ കൊലപാതകം ഒഴിച്ചുള്ള മറ്റ് പ്രതിരോധ നടപടികൾ ആർക്കും സ്വീകരിക്കാവുന്നതാണ്. ആക്രമണക്കാരിക്ക് ഉണ്ടാകാവുന്ന ദേഹോപദ്രവങ്ങൾക്ക് ആരും ഉത്തരവാദികളാവുകയില്ല.

കവർച്ച, രാത്രിയിൽ നടത്തുന്ന ഭവനഭേദനം വസ്തുക്കൾ സൂക്ഷി ക്കുന്നതിനും മനുഷ്യൻ താമസിക്കുന്നതിനും ഉപയോഗിക്കുന്ന കെട്ടിടമോ കൂടാരങ്ങളോ തീ വച്ചു നശിപ്പിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ആക്രമണകാരിയെ ജീവഹാനി വരുത്തുന്നതിനും അവകാശമുണ്ട്. എന്നാൽ ഉപദ്രവിമേൽപിച്ചു പോകുന്ന ഒരാളുടെ പുറകെ ഓടിച്ചെന്ന് പകരം വീട്ടുന്ന പ്രവൃത്തി സ്വയം രക്ഷാവകാശത്തിന്റെ പരിധിയിൽ വരുന്നില്ല. സ്വയം രക്ഷാവകാശം ഒരു പക വീട്ടിലല്ല. പ്രത്യുത ശരീരത്തിനും വസ്തുവകകൾക്കും നേരിട്ടേക്കാവുന്ന അപകടകരമായ ആക്രമണങ്ങൾ ഒഴിവാക്കി അവയെ സംരക്ഷിക്കുന്നതിനുവേണ്ടി നിയമം അനുവദിച്ചു തന്നിട്ടുള്ള ഒരു പ്രതിരോധ നടപടിയാണ്. അധികാരപ്പെട്ട ഉദ്യോഗസ്ഥരെ സമീപിച്ച് സംരക്ഷണം നേടാനുള്ള സമയമുണ്ടെങ്കിൽ സ്വയം രക്ഷാവകാശം വിനിയോഗിച്ച് കൂടാ. സ്വയരക്ഷവകാശത്തിന്റെ പരിധി സംബന്ധിച്ച് ഒരു പൊതുമാനദണ്ഡമില്ല. പ്രൈവറ്റ് ഡിഫൻസ് വളരെ വിലപ്പെട്ട ഒരവകാശമാണ്. എന്നാൽ അതു ദുരുപ യോഗപ്പെടുത്തുന്നതിനെ നിയമം വിലക്കുന്നു.

# അഭിനന്ദനങ്ങൾ

പൂവരണിയിൽ വച്ചു നടന്ന
അഖിലകേരള ബൈബിൾ ക്വിസ്
മത്സരത്തിൽ ഒന്നാം സമ്മാനമായ
5001 രൂപയും എവർറോളിംഗ്
ട്രോഫിയും
കരസ്ഥമാക്കിയ
**അന്ന മാത്യു പന്തിരുവേലിൽ**
**മരിയ മാത്യു പന്തിരുവേലിൽ**




# അഭിനന്ദനങ്ങൾ

5000 മീറ്റർ നടത്ത മത്സര
ത്തിൽ സ്കൂൾ മീറ്റിൽ
ഒന്നാം സ്ഥാനവും,
റവന്യൂജില്ലാ മീറ്റിൽ
ഒന്നാം സ്ഥാനവും,
സംസ്ഥാന മീറ്റിൽ
നാലാം സ്ഥാനവും
കരസ്ഥമാക്കിയ
അലീനയ്ക്ക് ഒന്നാം കൂട്ടാ
യ്മയുടെ അഭിനന്ദനങ്ങൾ



**അലീന ജോർജ്ജ്**
**കൈമഠം തുരുത്തിയിൽ**
പൊൻകുന്നം


Oasis Leisure Tours
എയർ ടിക്കറ്റ്
ബസ് ടിക്കറ്റ്
ട്രെയിൻ ടിക്കറ്റ്
വിസിറ്റിംഗ് വിസ
ഹൗസ് ബോട്ട് ബുക്കിംഗ്
പാസ്പോർട്ട്
ടൂർ പാക്കേജ്
DAILY TRIPS TO BANGALORE, CHENNAI
എല്ലാ വെള്ളിയാഴ്ചകളിലും വേളാങ്കണ്ണി തീർത്ഥാടനം
Kalappurackal Building, P.P. Road, Ponkunnam
04828 222416,09447 356651



Since: 1992
25th
Anniversary
മിസ്
A/C
ഇന്ത്യാ
ഹെർബൽ ബ്യൂട്ടി പാർലർ
S.H.U.P സ്കൂളിന് എതിർവശം, K.K.റോഡ്, പൊൻകുന്നം
Mob: 9847738415, 9846585482
Proprietor: Geethamol Joseph




WISHING YOU A VERY MERRY CHRISTMAS & HAPPY NEW YEAR

castillo™ furniture

1st mile, p.p road, ponkunnam

04 828 22 11 88
+91 9447868098, +91 9446195553

www.castillofurniture.in